(ബി) ഉണ്ട്. സ്പെഷ്യൽ റൂൾസിന്റെ അഭാവത്താലാണ് ഈ അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത്. നിലവിൽ മൂന്ന് ഗസ്റ്റ് ലക്ചർമാർ സ്കൾപ്ച്ചർ വിഭാഗത്തിൽ ജോലി ചെയ്യുന്നു.

(സി) പി. എസ്. സി. വഴി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് നടപടികൾ

154 [753] ശ്രീ. സാജുപോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി കേന്ദ്രം എന്ത് തുക അനുവദിച്ചു;

(സി) അനുവദിച്ച തുകയിൽ എന്തു തുക ചെലവായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരമ്പരാഗത രീതിയിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. നിലവിലുള്ള കേരള എഡ്യൂക്കേഷൻ ഗ്രിഡ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ്, എഡ്യൂസാറ്റ്, നിർദ്ദിഷ്ട വെർച്വൽ യൂണിവേഴ്സിറ്റി എന്നിവ ഒരു നേതൃത്വത്തിൻകീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഉദ്ദേശവും ഇതിലൂടെ നിർവ്വഹിക്കാൻ കഴിയുമെന്നാണ് പ്രത്യാശിക്കുന്നത്. ഇതിനായി ഒരു പ്രോജക്ട് റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകളും പരിശോധനകളും ആവശ്യമാണ്. അതിനുശേഷം മാത്രമേ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

(ബി)യും (സി)യും കേന്ദ്രം തുകയൊന്നും അനുവദിച്ചിട്ടില്ല.

യൂണിവേഴ്സിറ്റികളിൽ ഉയർന്ന തസ്തികകൾ നികത്തുന്നതിനുള്ള നടപടി

155 [754] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഉയർന്ന തസ്തികകളിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) അവ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിൽ വൈസ് ചാൻസലർമാർ, പ്രോ-വൈസ് ചാൻസലർമാർ, പരീക്ഷാ കൺട്രോളർമാർ, രജിസ്ട്രാർമാർ എന്നിവരുടെ ഒഴിവുള്ള തസ്തികകൾ നികത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിലെ ഓരോ യൂണിവേഴ്സിറ്റികളിലേയും സിൻഡിക്കേറ്റ് അംഗങ്ങളുടെ പേരു വിവരം വെളിപ്പെടുത്തുമോ; ഇതിൽ ഓർഡിനൻസിനുശേഷം നാമനിർദ്ദേശം ചെയ്തവർ ആരെല്ലാം?

ഉത്തരം

(എ) കണ്ണൂർ യൂണിവേഴ്സിറ്റിയിൽ വൈസ് ചാൻസലർ, പ്രോ-വൈസ് ചാൻസലർ എന്നീ ഉയർന്ന തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ പ്രോ-വൈസ് ചാൻസലർ തസ്തിക ഒഴിഞ്ഞു കിടക്കുകയാണ്. കോഴിക്കോട് സർവ്വകലാശാലയിൽ പ്രോ-വൈസ് ചാൻസലർ, സർവ്വകലാശാലാ ലൈബ്രേറിയൻ, ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ, എൻ. എസ്. എസ്. പ്രോഗ്രാം കോ ഓർഡിനേറ്റർ, ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് ഡയറക്ടർ, അഡൽറ്റ് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റ് എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. സംസ്കൃത സർവ്വകലാശാലയിൽ ഉയർന്ന തസ്തികകൾ ഒന്നും ഒഴിഞ്ഞുകിടക്കുന്നില്ല. കേരള സർവ്വകലാശാലയിൽ രജിസ്ട്രാറുടെ തസ്തിക ഒഴിഞ്ഞു കിടക്കുന്നു. എം. ജി. സർവ്വകലാശാലയിൽ പ്രോ-വൈസ് ചാൻസലർ, പരീക്ഷാ കൺട്രോളർ, രജിസ്ട്രാർ എന്നിവരുൾപ്പെടെ 8 ഉയർന്ന തസ്തിക ഒഴിഞ്ഞുകിടക്കുന്നു.

(ബി)യും (സി)യും വൈസ് ചാൻസലർ, പ്രോ-വൈസ്ചാൻസലർ എന്നീ തസ്തികകളിൽ നിയമനം നടത്തുന്നത് ചാൻസലർ ആണ്. മറ്റ് തസ്തികകൾ നികത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സംസ്കൃത സർവ്വകലാശാലയിൽ ഓർഡിനൻസിനുശേഷമുള്ള സിൻഡിക്കേറ്റിന്റെ പുനഃസംഘടനാ വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട ചാൻസലറുടെ പരിഗണനയിലാണ്. മറ്റ് സർവ്വകലാശാലകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.†

സർവ്വകലാശാലാ സിലബസ് പുതുക്കി നിശ്ചയിക്കാൻ നടപടി

156 [755] ശ്രീ. കെ. നാരായണക്കുറുപ്പ്:

,, തോമസ് ചാഴികാടൻ:

,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വകലാശാലാ സിലബസ് എല്ലാ വർഷവും പുതുക്കി നിശ്ചയിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് വിദഗ്ദ്ധോപദേശം സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) സെമസ്റ്റർ സമ്പ്രദായത്തിലേക്ക് ഏതൊക്കെ കോഴ്സുകളാണ് പുതുതായി കൊണ്ട് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഇത് എന്നത്തേയ്ക്ക് പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

† അനുബന്ധം XXV

LIBRARY ARCHIVES Kerala Legislative Assembly